# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 516** **27.02.2018-ൽ മറുപടിക്ക്**

### വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടി

| | ചോദ്യം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>" റോജി എം. ജോൺ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ബോർഡ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം നിലവിലുള്ള സബ്സ്റ്റേഷനുകളുടെ നവീകരണം വോൾട്ടത വർദ്ധിപ്പിക്കൽ, ശേഷി വർദ്ധിപ്പിക്കൽ പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ/ വോൾട്ടത വർദ്ധിപ്പിക്കൽ, വാഹക ശേഷി കുറഞ്ഞ കണ്ടക്ടറുകൾ മാറ്റി ശേഷി കൂടിയ കണ്ടക്ടറുകൾ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പ്രസരണ നഷ്ടം കുറച്ച്, പ്രസരണമേഖല മെച്ചപ്പെടുത്തുന്നതിനും, പ്രസരണ ശേഷി ഉയർത്തുന്ന തിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി വഴി നിലവിലുള്ള 110 കെ.വി സബ് സ്റ്റേഷനുകൾ 220 കെ.വി ആയി ഉയർത്തുകയും, പുതിയ 400 കെ.വി, 220 കെ.വി സബ് സ്റ്റേഷനുകളും 400/220/110 കെ.വി ലൈനുകളും നിർമ്മിക്കുകയും ചെയ്യുന്നു.<br>വിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും, വിതരണ നഷ്ടം കുറയ്ക്കുന്നതിനുമായി പുതിയ 11 കെ.വി ലൈനുകൾ നിർമ്മിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുക നിലവിലുള്ള കമ്പികൾ മാറ്റി കൂടുതൽ ശേഷിയുള്ള കമ്പികൾ പകരമായി സ്ഥാപിക്കുക, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കാനായി മരച്ചില്ലകൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, പ്രതിഷ്ഠാപനങ്ങൾ (installation) നിശ്ചിത നിലവാരം (Standards) പാലിച്ചുകൊണ്ടാണ് സ്ഥാപിക്കുന്നത് എന്ന് ഉറപ്പ് വരുത്തുക എന്നീനടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ 3039 കിലോമീറ്റർ 11 കെ.വി ലൈൻ നിർമ്മിക്കുകയും 3964 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3169 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ആക്കി മാറ്റുകയും, 15.52 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും, 1399 കി.മി എച്ച് റ്റി ലൈൻ |

| | | | |
|---|---|---|---|
| • | | | റീ കണ്ടക്ടറിംഗ്, 20,726 കി.മി എൽ റ്റി ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്.<br>2021 ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണമേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS എന്നിവ പ്രസരണ, വിതരണ മേഖല ശക്തിപ്പെടുത്തി വിതരണ നഷ്ടം കുറച്ച് ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്. ഇതിൽ പുതിയ സബ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള പ്രസരണ മേഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളും, വിതരണ ശൃംഗല ശക്തിപ്പെടുത്തുന്നതിനായി പുതിയ 11 കെ.വി. ലൈനുകൾ, ഭൂഗർഭ കേബിളുകൾ ABC കേബിളുകൾ, എൽ റ്റി ലൈനുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്നു. DDUGJY, പദ്ധതിയിൽ ഗ്രാമപ്രദേശങ്ങളിലെ ഗാർഹീക വൈദ്യുതി കണക്ഷനുകൾ നൽകുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. |
| (ബി) | ഇതിനായി കേന്ദ്രസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കോന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS എന്നിവയ്ക്ക് 60% തുക കേന്ദ്രഗ്രാന്റായി 4 തവണകളിലായി ലഭിക്കും. ഇതിൽ 2 ഗഡുക്കളായി.<br>DDUGJY - ₹86.94 കോടി രൂപ<br>IPDS - ₹107.41 കോടി രൂപ എന്നിവ ലഭിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ എത്ര പട്ടണങ്ങളിലാണ് പ്രസ്തുത പ്രവർത്തനം നടക്കുന്നതെന്ന് അറിയി ക്കുമോ; | (സി) | DDUGJY പദ്ധതി കേരളത്തിലെ ഗ്രാമപ്രദേശ ങ്ങളിലാണ് നടപ്പിലാക്കുന്നത്. 14 ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ മുഴുവനായി നടപ്പിലാക്കുന്നു.<br>IPDS പട്ടണ പ്രദേശങ്ങളിൽ മാത്രമാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ 63 ടൗണുകളി ലായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | പുതിയ കേന്ദ്ര പദ്ധതിയായ ഐ. പി. ഡി. എസ്. മുഖേന ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | | ഐ.പി.ഡി.എസ് മുഖേന തിരുവനന്തപുരത്ത് 110 കെ.വി മെഡിക്കൽ കോളേജ് സബ് സ്റ്റേഷനിൽ നിന്ന് വൈദ്യുതി ഭവനത്തിലേയ്ക്കുള്ള 33 കെ.വി ഭൂഗർഭകേബിളിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 192 കി.മീ സ്ഥാപിക്കുവാൻ പദ്ധതി ഇട്ടിരുന്നതിൽ ഇതുവരെ 11 കി.മീ സ്ഥാപിച്ചു കഴിഞ്ഞു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട 11 കെ. വി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |

Kumalille

സെക്ഷൻ ഓഫീസർ